**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

നം.എം2/251/2020/പൊവിവ

പൊതുവിദ്യാഭ്യാസ (എം) വകുപ്പ്
തിരുവനന്തപുരം,
തീയതി: 18/05/2021

<u>പരിപത്രം</u>

വിഷയം:- പൊതുവിദ്യാഭ്യാസ വകുപ്പ് - സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളുടെ ബോർഡുകൾ മലയാളത്തിൽ പ്രദർശിപ്പിക്കുന്നതിന് മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന:- 14/03/2017 ലെ സ.ഉ (അച്ചടി) നം. 4/2017/ഉ.ഭ.പ.വ നമ്പർ സർക്കാർ ഉത്തരവ്.

കേരള സംസ്ഥാനത്തിന്റെ ഔദ്യോഗിക ഭാഷ പൂർണ്ണമായും മലയാളമായിരിക്കണമെന്ന സർക്കാരിന്റെ പ്രഖ്യാപിത നയത്തിന്റെ അടിസ്ഥാനത്തിൽ ഓഫീസ് ബോർഡുകൾ, ഉദ്യോഗസ്ഥരുടെ പേര്, ഉദ്യോഗപേര് തുടങ്ങിയവ രേഖപ്പെടുത്തിയിട്ടുള്ള ബോർഡുകൾ എന്നിവയിൽ ആദ്യ നേർപകുതി മലയാളത്തിലും രണ്ടാം നേർപകുതി ഇംഗ്ലീഷിലും പ്രദർശിപ്പിക്കേണ്ടതാണെന്നും, ഓഫീസ് മുദ്രകൾ, പേരും ഔദ്യോഗിക പദവിയും ഉൾകൊള്ളുന്ന തസ്തികമുദ്രകൾ എന്നിവ മലയാളത്തിൽ കൂടി തയ്യാറാക്കേണ്ടതാണെന്നും ഓഫീസ് വാഹനങ്ങളുടെ ബോർഡുകൾ മുൻവശത്തു മലയാളത്തിലും പിൻവശത്തു ഇംഗ്ലീഷിലും ഒരേ വലുപ്പത്തിൽ എഴുതി പ്രദർശിപ്പിക്കേണ്ടതാണെന്നും നിർദ്ദേശിച്ച് സൂചന പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്.

എന്നാൽ കേരളത്തിലെ പല സർക്കാർ / എയ്ഡഡ് / അംഗീകാരമുള്ള അൺ എയ്ഡഡ് വിദ്യാലയങ്ങളിലും മെയിൻ ബോർഡ് മലയാളത്തിൽ പ്രദർശിപ്പിച്ചിട്ടില്ലെന്നും, കൂടാതെ വിദ്യാലയങ്ങളിലെ ആദരണീയ വ്യക്തികളുടെ സ്മാരകമായി കമ്മ്യൂണിറ്റി ഹാൾ, സ്റ്റേജ് , ഓഡിറ്റോറിയം എന്നിവയുടെ പേരുകളിലും ഇംഗ്ലീഷ് ഭാഷ തന്നെയാണ് ഉപയോഗിച്ചിരിക്കുന്നതെന്നും സൂചിപ്പിച്ച് നിരവധി പരാതികൾ സർക്കാരിൽ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ചുവടെ പറയുന്ന നിർദ്ദേശം പുറപ്പെടുവിക്കുന്നു.

സൂചന ഉത്തരവിന്റെ മാതൃക പിന്തുടർന്ന്, സംസ്ഥാനത്തെ നിലവിലുള്ള ഇതര സിലബസ്, ഗവൺമെന്റ് /എയ്ഡഡ് /അംഗീകാരമുള്ള അൺ എയ്ഡഡ് സ്ഥാപനങ്ങൾ ഉൾപ്പെടെ എല്ലാ വിദ്യാലയങ്ങളുടെയും, അനുബന്ധ കെട്ടിടങ്ങളുടെയും പേരുകൾ മലയാളത്തിലും ഇംഗ്ലീഷിലും ഒരേ വലുപ്പത്തിൽ എഴുതി ബോർഡുകൾ വെക്കേണ്ടതാണെന്ന നിർദ്ദേശം നൽകുന്നു. പ്രസ്തുത നിർദ്ദേശം പാലിക്കുന്നുണ്ടെന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ/ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർമാർ/ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർ ഉറപ്പുവരുത്തേണ്ടതാണ്.

A P M MOHAMMED HANISH
**പ്രിൻസിപ്പൽ സെക്രട്ടറി**

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം, തിരുവനന്തപുരം
സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, എസ്.എസ്.കെ, കേരള, തിരുവനന്തപുരം

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും/ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർക്കും
ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് (കെട്ടിട വിഭാഗം), തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പിന്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

Digitally signed by NAMITHA T
Date:Thu Jun 03 15:55:37 IST 2021
Reason: Approved

സെക്ഷൻ ഓഫീസർ.